ശ്രീ. സി. കെ. ബാലകൃഷ്ണൻ: കാളേജിൽപഠിക്കുന്ന കുട്ടികൾക്കു കൊടുക്കുന്ന 45രൂപാ അവരുടെ ഇന്നത്തെ ആഹാരച്ചെലവിനെ പരിഗണിച്ചു് ഒരു 70 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനു യാതൊരു നിവ്വാഹവുമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സാധനങ്ങളുടെ വിലവ്വർദ്ധനവു പരിഗണിച്ചു് ഇന്നു 45 രൂപകൊണ്ടു ജീവിക്കാൻ നിവൃത്തിയില്ലെന്നു മനസ്സിലാക്കി അതു വർദ്ധിപ്പിക്കാൻ നോക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഗവണ്മെൻറിനുണ്ടായിട്ടുള്ള സാമ്പത്തികവിഷമം പരിഗണിച്ചു് തല്ക്കാലം സംഖ്യ വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. നാരായണക്കുറുപ്പു്: ഇൻഡസ്ട്രിയൽ ട്രെയിനിംഗ്ഗു് ഇൻസ്റ്റിറ്റ്യൂഷനിൽ പഠിക്കുന്ന കുട്ടികൾക്കു് സ്റ്റൈപ്പൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഹരിജൻ ഡിപ്പാർട്ടുമെൻറിൽനിന്നു് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുമാത്രമെ കൊടുക്കുന്നുള്ളു.

ശ്രീ. ഈ. പി. ഗോപാലൻ: ഹോസ്റ്റലിൽ താമസിക്കുന്നവർക്കു കൊടുക്കുന്ന സംഖ്യ എത്രയാണു്? അതു ലഭിക്കാതെവരുന്നുവെന്നു് ആക്ഷേപം കിട്ടിയിട്ടില്ലേ? അതു വർദ്ധിപ്പിച്ചുകൊടുക്കാനുള്ള ആലോചന നടത്തുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: വർദ്ധിപ്പിച്ചുകൊടുക്കാൻ ഇവാല്യുവേഷൻകമ്മിറ്റി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. അഡ്വൈസ്സുകമ്മിറ്റി ബോർഡിലും ബഹുമാനപ്പെട്ട മെംബർമാർ ആവശ്യപ്പെട്ടിട്ടുണ്ടു്. ഗവണ്മെൻറിൻറെ സാമ്പത്തികസ്ഥിതി മോശമായതുകൊണ്ടു് വർദ്ധിപ്പിക്കാൻ നിവ്വാഹമില്ല.

ശ്രീ. ടി. കൃഷ്ണൻ: കൊല്ലത്തു ട്രെയിനിംഗ്ഗു് സെൻററിൽ പഠിക്കുന്ന 13 കുട്ടികൾക്കു് ഇതുവരെ സ്റ്റൈപ്പൻറു കൊടുത്തിട്ടില്ലെന്നുള്ളതു് ശരിയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: ഏതു് ഇൻസ്റ്റിറ്റ്യൂഷനിലാണു പഠിക്കുന്നതെന്നു പറഞ്ഞാൽ, അതു പരിശോധിക്കാം.

പഞ്ചായത്തു് തിരഞ്ഞെടുപ്പു്

* 316. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്റ്റേറിലെ പഞ്ചായത്തു തിരഞ്ഞെടുപ്പിനുവേണ്ടി എത്ര തുക ചെലവായി;

(ബി) തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് എത്ര കേസുകൾ നിലവിലുണ്ടു;

(സി) ഗവണ്മെൻറിനെ കക്ഷിചേർത്തു് ഏതെങ്കിലും കേസു് ഇതു സംബന്ധിച്ചു് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ സ്വഭാവമെന്തു്;

(ഡി) ഇതിന്മേൽ ഗവണ്മെൻറു് എന്തു നടപടികളെടുത്തിട്ടുണ്ടു്;

(ഇ) പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു മെമ്പറന്മാർക്കും പ്രസിഡൻറന്മാർക്കും പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

മിസ്റ്റർ സ്പീക്കർ: എ. ക്കും, ബി. ക്കും നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്. സി, ഡി, ഈ. മാത്രം ആൻസർ ചെയ്താൽ മതി.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

പരാതിക്കാരുടെ പേരു് സമ്മതിദായകപ്പട്ടികയിൽ ഉൾപ്പെടുത്തീട്ടില്ല എന്ന കാരണത്താൽ ആണു് കേസു് ഫയൽ ചെയ്തിരിക്കുന്നതു്.

(ഡി) കേസു് ഡിഫെൻറു ചെയ്യാൻ ഗവണ്മെൻറു അഡ്വക്കേറ്റു് ജനറലിനു നിർദ്ദേശം നൽകീട്ടുണ്ടു്.

(ഇ) ഉണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ വാർഡുവിഭജനം സംബന്ധിച്ചുള്ള ക്രമക്കേടുകളെ അടിസ്ഥാനപ്പെടുത്തിയും തിരഞ്ഞെടുപ്പു തീയതി നീട്ടിയതിന്റെ പേരിലും ഏതെങ്കിലും കേസുകളും ഗവണ്മെൻറിനെ കക്ഷിചേർത്തുകൊടുത്തിട്ടുള്ളതു നിലവിലുണ്ടോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ഗവണ്മെൻറിനെ കക്ഷിചേർത്തുകൊടുത്തിട്ടുള്ള ഓരോ കേസിന്റെയും വിവരം പ്രത്യേകമായിട്ടു ശേഖരിച്ചുകഴിഞ്ഞിട്ടില്ല. ഇപ്പോൾ കിട്ടിയിട്ടുള്ള വിവരം അനുസരിച്ചു സമ്മതിദായകപട്ടികയിൽ പരാതിക്കാരുടെ പേരു് ഉൾപ്പെടുത്തിയിട്ടില്ലാ എന്നുള്ളതിന്റെ പേരിലുള്ള കേസാണു്.

ശ്രീ. എം. എം. സുന്ദരം: (ഇ) യുടെ ഉത്തരത്തിൽ ഇവക്കു പരിശീലനം നൽകാൻ പദ്ധതിയുണ്ടു് എന്നു പറഞ്ഞു. ആ പദ്ധതിയുടെ വിശദവിവരങ്ങൾ എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: പഞ്ചായത്തു പ്രസിഡണ്ടന്മാർക്കും പഞ്ചായത്തുമെമ്പറന്മാർക്കും പഞ്ചായത്താകു്റിലെ ചട്ടങ്ങളേയും റൂളുകളേയും സംബന്ധിച്ചും ബ്ലാക്കുകളുടെ വികസനത്തിന്റെ രൂപത്തെ സംബന്ധിച്ചും ഒക്കെ പരിശീലനം നൽകാൻ ബ്ലാക്കു ഡെവലപ്പുമെൻറു ഓഫീസറന്മാർക്കു നിർദ്ദേശം നൽകീട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ: ബ്ലാക്കു ഡെവലപ്പുമെൻറു ആഫീസറന്മാർ ഈ പഞ്ചായത്തു ആകു്റിലെ റൂളുകളും നിർദ്ദേശങ്ങളും സംബന്ധിച്ചു പഞ്ചായത്തു പ്രസിഡണ്ടന്മാർക്കും മെമ്പറന്മാർക്കും പരിശീലനം നൽകണമെന്നു നിർദ്ദേശിച്ചുകൊണ്ടുള്ള പഞ്ചായത്തു ഡയറകു്റേറുടെ ഉത്തരവു് സ്വീകരിക്കാൻ തയാറാകാതിരിക്കുന്നകാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യയന്യൂനീകരണം

* 317. [4] ശ്രീ. ടി. ഓ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യയന്യൂനീകരണം സാധിക്കുന്നതിനായി ഒരു റിപ്പോർട്ടു തയാറാക്കി സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആ റിപ്പോർട്ടു നൽകുകയുണ്ടായോ;

(ബി) റിപ്പോർട്ടു കിട്ടി എങ്കിൽ ഒരു വർഷത്തിൽ എത്ര ചെലവു ചുരുക്കാൻ സാധിക്കുമെന്നാണു് കണക്കാക്കിയിരിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) വ്യയന്യൂനീകരണം സാധിക്കുന്നതിനായി ഒരു റിപ്പോർട്ടു സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ അങ്ങനെ ഒരു റിപ്പോർട്ടു പൂർണ്ണമായി നൽകീട്ടില്ല. എന്നാൽ പൊതുവായ ചില ചെലവുചുരുക്കൽ നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതും, ചില ഡിപ്പാർട്ടുമെൻറുകളെ സംബന്ധിക്കുന്നതുമായി നാലു റിപ്പോർട്ടുകളും ഇതിനകം കിട്ടീട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly